# സ്വാമി ശരണം

## തിരുവിതാംകൂർ ദേവസ്വം ബോർഡ്. പുനലൂർ ഗ്രൂപ്പ്

പുനലൂർ ഗ്രൂപ്പിൽ അച്ചൻകോവിൽ, കുളത്തൂപ്പുഴ, ആര്യങ്കാവ് എന്നീ ദേവസ്വങ്ങളിൽ കൊല്ലവർഷം 1193 -ാം മാണ്ടത്തെ മണ്ഡലം മകരവിളക്ക് തിരുഅടിയന്തരങ്ങൾ ഉൾപ്പെടെയുള്ള അടിയന്തരങ്ങൾ പ്രമാണിച്ച് 1193 -ാം മാണ്ട് വൃശ്ചികം 1 മുതൽ 1194 തുലാം 30 വരെ ~~നവംബർ 17 മുതൽ~~ ~~നവംബർ 16 വരെ~~ ഏർപ്പെടുത്തേണ്ട കുത്തകകൾ സംബന്ധിച്ചുള്ള

ഈ- ടെൻഡർ- പരസ്യം.

1. ടെൻഡർ നിബന്ധനകൾക്കൊപ്പം ടെൻഡർ ചെയ്യുന്ന ഇനങ്ങളുടെ വിശദ വിവരം കാണിക്കുന്ന ഷെഡ്യൂൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചശേഷം ടെൻഡറിൽ പങ്കെടുക്കുന്നവർ http:/etenderes.kerala.gov.in എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഈ-ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഈ- ടോക്കണുകൾ SIFY/TCS/ ncode തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ടെൻഡറുകൾ ശ്രദ്ധാപൂർവ്വം ക്വോട്ട് ചെയ്യേണ്ട തുക നിയമാനുസൃതം ക്വോട്ട് ചെയ്ത് ഓൺലൈനായി അയക്കേണ്ടതും, തുക രേഖപ്പെടുത്താത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ഡിപ്പാർട്ട്മെന്റ് ഉത്തരവാദിയായിരിക്കുന്നതല്ല. ടെൻഡർ സമർപ്പിക്കുന്നവരുടെ ഐഡി പ്രൂഫ് (ലൈസൻസ്. തിരിച്ചറിയൽ കാർഡ്) സ്കാൻ കോപ്പി ചേർത്തിരിക്കണം.
2. ഓരോ ഇനത്തിന്റെ യും ടെൻഡറുകൾ പരിശോധിച്ച് ആരുടെയെങ്കിലും പേരിൽ ടെൻഡർ സ്ഥിരപ്പെടുത്തുന്ന പക്ഷം മറ്റുള്ളവരുടെ നിരതദ്രവ്യം ഓൺലൈനായിത്തന്നെ അവരുടെ അക്കൗണ്ടിൽ തിരികെ ലഭിക്കുന്നതാണ്.
3. ടെൻഡറിൽ പങ്കെടുക്കുന്നവർ 250/- (ഇരുന്നൂറ്റിയമ്പത്) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്. ടി തുക തിരികെ ലഭിക്കുന്നതല്ല.
4. ഷെഡ്യൂളിൽ ഓരോ ഐറ്റത്തിനും നേരെ അതത് ഐറ്റത്തിന് നിശ്ചയിച്ചിട്ടുള്ള സെക്യൂരിറ്റി തുക നിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ടി തുക കാലാവധിക്കുശേഷം മറ്റാക്ഷേപം/ ബാദ്ധ്യത ഇല്ലെങ്കിൽ മാത്രം തിരിച്ചു നൽകുകയുള്ളു.
5. സെക്യൂരിറ്റി നിക്ഷേപങ്ങൾ യാതൊരു കാരണവശാലും ടെൻഡർ തുകയിൽ വകയിരുത്തുന്നതല്ലാത്തതും, ടെൻഡർ തുക ഇതിന് അതീതമായി അടയ്ക്കേണ്ടതുമാണ്.
6. കരാറുകാരന് ചുമതല വല്ലതുമുണ്ടെങ്കിൽ ആയത് അടച്ചതിന് ശേഷമേ സെക്യൂരിറ്റി തുക തിരിച്ചു നൽകുകയുള്ളു. ബാദ്ധ്യത ടി നിക്ഷേപത്തിലും അധികമായാൽ ആയതും അടച്ചുകൊള്ളാമെന്നും വീഴ്ച്ച വരുത്തുന്നപക്ഷം റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമ നടപടികൾ അംഗീകരിച്ചു കൊള്ളാമെന്നും, ഓരോ കരാറുകാരനും ഉടമ്പടിയിൽ സമ്മതിച്ചിരിക്കേണ്ടതാണ്.

ടെൻഡർ സമർപ്പിക്കുന്നവർ എല്ലാം തന്നെ ടെൻഡർ ഓപ്പൺ ചെയ്യുന്ന സമയത്ത് ഇതിന് നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് മുൻകൂട്ടി എത്തിച്ചേരേണ്ടതും: ടെൻഡർ അനുവദിച്ച് ലഭിക്കുന്ന പക്ഷം ക്വോട്ട് ചെയ്തിട്ടുള്ള മുഴുവൻ തുകയും അപ്പോൾ തന്നെ ബന്ധപ്പെട്ട സബ്ഗ്രൂപ്പ് ആഫീസറെ ഏൽപ്പിച്ച് രസീത് കൈപ്പറ്റേണ്ടതുമാണ്. ഇതിൽ വീഴ്ച്ച വരുത്തു പക്ഷം ടെൻഡർ നിരാകരിക്കുകയും ഇ-എം.ഡി ഡിപ്പാർട്ട് മെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. നിയമാനുസൃതമുള്ള മറ്റ് നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

8. ടെൻഡർ/ കുത്തക ഏറ്റെടുത്തശേഷം ഏതെങ്കിലും സാഹചര്യത്തിൽ കരാറുകാരൻ പിന്മാറപ്പെട്ടാൽ ടിയാനെ ഡിഫോൾട്ടർ ആയി പ്രഖ്യാപിക്കുന്നതും ടിയാന്റെ പേരിൽ മറ്റ് കരാറുകളോ നിക്ഷേപമോ ഉള്ള പക്ഷം ആയതു മുഴുവൻ ഡിപ്പാർട്ടമന്റിലേക്ക് മുതൽകൂട്ടുന്നതും ടി ഇനം വീണ്ടും ടെൻഡർ നടത്തുന്നതും ആയതിൽ വച്ച് ലാഭമുണ്ടായാൽ അതിന്മേൽ ആദ്യ ടെൻഡർകാരന് അവകാശമില്ലാത്തും, നഷ്ടം സംഭവിച്ചാൽ ആയത് ഈടാക്കാനുള്ള നിയമ നടപടികൾ ആദ്യ ടെൻഡർകാരന്റെ പേരിൽ സ്വീകരിക്കുന്നതുമായിരിക്കും.

9. പരസ്യത്തിലെ ഏതൊരു ഐറ്റത്തിനും ടെൻഡർ തുക അപര്യാപ്തമാണെന്നു തോന്നിയാൽ ടി ഐറ്റം കുത്തക ആവർത്തന ടെൻഡർ നടത്തുന്നതിനോ, ഡിപ്പാർട്ട്മെന്റ് നേരിട്ടു നടത്തുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതും, ആയത് കരാറുകാരന് ചോദ്യം ചെയ്യാൻ അവകാശമില്ലാത്തതുമാണ്.

10. കരാർ കൈമാറ്റം ചെയ്യുന്നതിനോ, മറ്റുകക്ഷികളെ കൂട്ടുകക്ഷികളാക്കുന്നതിനോ അനുവദിക്കുന്നതല്ല. ടെൻഡർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പെരുമാറുന്നവരുടെ കുത്തകാവകാശം മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതും വരും വർഷങ്ങളിലെ ടെൻഡറുകളിൽ പങ്കെടുക്കുന്നതിൽ നിന്നും ടി ആളുകളെ ഒഴിവാക്കപ്പെടുന്നതുമാണ്.

11.. കുത്തകക്കാർ അവരവരുടെ പ്രവർത്തനത്തിനാവശ്യമായ വെള്ളം/ വൈദ്യുതി എന്നിവ സ്വന്തം ചുമതലയിലും ചെലവിലും എടുക്കേണ്ടതാണ്. (നിലവിലില്ലാത്തതിനും ഉള്ളതിൽ അധികമായി വേണ്ടിവരുന്നതുൾപ്പെടെ) ഇതിന് ആവശ്യമായ സാക്ഷിപത്രങ്ങൾ മാത്രം ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുന്നതാണ്.

12. എല്ലാകരാറുകാരും അവരവരുടെ പ്രവർത്തനമേഖലയുടെ പ്രധാനഭാഗത്ത് കുത്തക നമ്പർ കുത്തകയുടെ പേര്, കുത്തകക്കാരന്റെ പേര് പൂർണ്ണമേൽവിലാസം, കുത്തകയ്ക്ക് അനുവദിച്ചിട്ടുള്ള സാധനങ്ങളുടെ വ്യക്തമായ ലിസ്റ്റും വിലവിവരപട്ടികയും മലയാളത്തിലും, ഇംഗ്ലീഷിലും പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

13. എന്നാൽ കാരാറുകാരൻ യഥാസമയങ്ങളിലുള്ള ദേവസ്വം, പൊതുജനാരോഗ്യം, പൊതുഭരണ ഉദ്യോഗസ്ഥർ എന്നിവരുടെ നിർദ്ദേശങ്ങൾ കർശനമായും പാലിച്ചിരിക്കണം. ആയതിന് വിപരീതമായി പെരുമാറുന്നത് മൂലമുണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻമാത്രം ഉത്തരവാദിയായിരിക്കുന്നതാണ്.

14 കരാർ നടത്തുന്നതിന് ദേവസ്വം സ്ഥാവരജംഗമ വസ്തുക്കൾ ആവശ്യമായിട്ടുള്ളവർ ദേവസ്വം മരാമത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ബോദ്ധ്യപ്പെട്ട് രസീത് നൽകിയതിന് ശേഷം മാത്രം ആരംഭിക്കേണ്ടതും, കരാർ കാലാവധിക്കുശേഷം പൂർവ്വസ്ഥിതിയിൽ അവരെ ബോദ്ധ്യപ്പെടുത്തി ഏൽപ്പിക്കുകയും ചെയ്യത് എഴുതിവാങ്ങി

യെങ്കിൽ മാത്രമേ സെക്യൂരിറ്റി തുക തിരികെ നൽകുകയുള്ളൂ. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നതായാൽ ആയതിൽ വച്ചുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.

15 കുത്തക കാലയളവിൽ കുത്തകക്കാരന്റെ അധീനതയിൽ വരുന്ന ഡിപ്പാർഡ്മെന്റ് വസ്തുവകകൾക്കുണ്ടാകുന്ന സകല കഷ്ടനഷ്ടങ്ങളും ടി കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനും. വേണ്ടിവന്നാൽ കരാർ റദ്ദുചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തുടർന്ന് നടത്തുന്നതിനോ ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കേണ്ടതാണ്.

16. കരാറുകാരൻ അവരവർക്കനുവദിച്ചുകിട്ടുന്ന സമയത്തുള്ള അവസ്ഥയിലും സ്ഥിതിയിലും മാത്രമേ കരാർ നടത്തുവാൻ അവകാശമുള്ളൂ. ഇതിൽ ഏതെങ്കിലും മാറ്റം ആവശ്യമുള്ള പക്ഷം മുൻകൂർ അനുവാദം വാങ്ങി സ്വന്തം ചെലവിൽ ചെയ്യേണ്ടതും ഇതുസംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾകരാശനമായും പാലിക്കേണ്ടതുമാണ്.

17. കരാറുകാരൻ അവരവരുടെ പ്രവർത്തനത്തിനായി കെട്ടുന്ന ഷെഡ്ഡുകൾ തീ പിടിക്കുന്നതിന് സാധ്യത കുറഞ്ഞഷീറ്റ്, തകരം, മുതലായവകൊണ്ടുമാത്രം നിർമ്മിക്കേണ്ടതും ആയതു സംബന്ധിച്ച് ഫയർഫോഴ്സ് ഉദ്യോഗസ്ഥരുടെ നിർദ്ദേങ്ങൾ പാലിക്കുകയും ചെയ്യേണ്ടതാണ്.

18. കുത്തക ഏൽക്കുന്ന ആളുകൾ ക്ഷേത്രാചാരപരമായി വസ്ത്രധാരണം നടത്തേണ്ടതും പെരുമാറേണ്ടതും ക്ഷേത്രവിശ്വാസത്തിനും അനുഷ്ഠാനത്തിനും പ്രോൽസാഹനം നടത്തുന്ന വിധത്തിൽ മാത്രം പ്രവർത്തിക്കേണ്ടതുമാണ്.

19. കരാർ നടത്തുന്നതിൽ, ഏതെങ്കിലും തരത്തിലുള്ള നികുതി അടക്കേണ്ടി വരുന്ന പക്ഷം ആയതു കരാറുകാരൻ സ്വന്തം ചെലവിൽ നൽകേണ്ടതാണ്.

20. കുത്തകക്കാർ അവരവരുടെ പ്രവർത്തനപരിധിയിൽ വരുന്ന സ്ഥലങ്ങളിലും, പരിസരങ്ങളിലും ഉണ്ടാകുന്ന വേസ്റ്റുകളും മറ്റും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുടേയും ദേവസ്വം ഉദ്യോഗസ്ഥന്മാരുടേയും നിർദ്ദേശങ്ങൾക്കനുസരിച്ച് സ്വന്തം ചെലവിൽ അപ്പപ്പോൾതന്നെ വൃത്തിയാക്കി ഇടേണ്ടതാണ്.

21. ടെൻഡർ വ്യവസ്ഥയിൽ ഓരോ ഇനത്തിനും പ്രത്യകം പറഞ്ഞിരിക്കുന്ന മിനിമം ടെൻഡർ തുകയിലും കുറഞ്ഞ തുക ക്വോട്ട് ചെയ്യുവാൻ പാടില്ലാത്തതും, അപ്രകാരം ക്വോട്ട് ചെയ്ത് ടെൻഡർ ഹാജരാക്കുന്നവരുടെ നിരദ്രവ്യം ഡിപ്പാർട്ട്മെന്റിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.

ടെൻഡർ സമർപ്പിക്കേണ്ട അവസാന സമയം ......06-11-2017 ഉച്ചയ്ക്ക് 2 മണി വരെ

ടെൻഡർ തുറക്കുന്ന സമയം ......08-11-2017 ഉച്ചയ്ക്ക് 2 മണിക്ക്

# പ്രത്യേക നിബന്ധനകൾ

## പൂജാസ്റ്റാൾ

ദേവസ്വം ഉദ്യോഗസ്ഥർ നിശ്ചയിക്കുന്ന സ്ഥലത്തും അളവിലും സ്വന്തം ചെലവിൽ ഒരു താൽക്കാലിക സ്റ്റാൾ കരാറുകാരൻ നിർമ്മിക്കേണ്ടതും. ഇതിലേക്ക് ആവശ്യമായ വെള്ളം വൈദ്യുതി എന്നിവ കരാറുകാരന്റെ ചുമതലയിൽ ക്രമീകരിക്കേണ്ടതുമാണ്. സ്റ്റാളിന്റെ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതും, ദേവിദേവൻമാരുടെ ഫോട്ടോകൾ. കളങ്ങളുകൾ. ആദ്ധ്യാമിക ഗ്രന്ഥങ്ങൾ എന്നിവ വിൽപ്പനയ്ക്ക് വയ്ക്കാവുന്നതുമാണ്. ദേവസ്വം പ്രസിദ്ധീകരണങ്ങൾ ഏതെങ്കിലും വിൽപ്പനയ്ക്ക് നൽകുന്ന പക്ഷം ആയത് വാങ്ങി വിൽപ്പനനടത്തി വില ദേവസ്വം അധികാരികളെ ഏൽപ്പിക്കേണ്ടതുമാണ്. വഴിപാടുകൾ തയ്യാറാക്കുന്നതിനും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ/ സബ്ഗ്രൂപ്പ് ആഫീസർ വഴിപാടിന് ആവശ്യമായ സപ്ലെ ചെയ്യുന്നതുമായ സാധനങ്ങൾ ഒഴികെയുള്ളതും, എണ്ണ, തിരി, കർപ്പൂരം, ഉടയാട, ചരട്, നാളികേരം, വെണ്ണ. മഞ്ഞൾപ്പൊടി. ചെറിയനിലവിളക്കുകൾ എന്നിവ സ്റ്റാളിൽ വിൽപ്പന നടത്താവുന്നതുമാണ്. ഏതെങ്കിലും വിൽക്കണമെന്നോ വിൽക്കാതിരിക്കണമെന്നോ തീരുമാനിക്കുനുള്ള അധികാരം ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർ ആഫീസിൽ നിക്ഷിപ്തമായിരിക്കും .വിൽപ്പനയ്ക്ക് വച്ചിട്ടുള്ള എല്ലാ ഐറ്റങ്ങൾക്കും ഗവ.ഏജൻസികളോ, ദേവസ്വം ബോർഡോ നിശ്ചയിക്കുന്ന ഗുണനിലവാരം പാലിക്കേണ്ടതും. വിലവിവരം വ്യക്തമായി ഇംഗ്ലീഷിലും, മറ്റ് ഭാഷകളിലും പ്രദർശിപ്പിക്കേണ്ടതാണ്. ക്ഷേത്രാചാരങ്ങൾക്കോ, വിശ്വാസങ്ങൾക്കോ കോട്ടം തട്ടുന്ന വിധത്തിലുള്ള ഏതെങ്കിലും ഐറ്റം വിൽപ്പനയോ പ്രവർത്തികളോ അനുവദനിയമല്ലാത്തതാണ്.

## 2. A3. കംഫർട്ട് സ്റ്റേഷൻ

കരാറുകാർ അവരവർക്കു ലഭിച്ച ബ്ലോക്കുകളിൽ നിലവിലുള്ള വെള്ളത്തിന്റെ സൗകര്യം ഉപയോഗിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ളതിൽ അധികം വെള്ളം ആവശ്യമായി വരുന്നപക്ഷം ആയത് സ്വന്തം ചെലവിൽ കൊണ്ടുവന്ന് ഉപയോഗിക്കേണ്ടതാണ്. അതുപോലെ തന്നെ കംഫർട്ട് സ്റ്റേഷനിലേക്ക് വെള്ളം, വെളിച്ചം എന്നിവയ്ക്ക് ആവശ്യമായ വൈദ്യുതി കരാറുകാരന്റെ ചെലവിൽ നിലവിലുള്ള് മീറ്ററിൽ നിന്നും എടുക്കേണ്ടതും കറണ്ടുചാർജ്ജ് അവർതന്നെ അടയ്ക്കേണ്ടതുമാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ നിയമങ്ങൾ കരാറുകാരൻ കർശനമായും പാലിക്കേണ്ടതാണ്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കാരാർ കാലാവധിയിൽ കംഫർട്ട് സ്റ്റേഷനുകൾക്കോ, അനുബന്ധ ഘടകങ്ങൾക്കോ വരാവുന്ന തകരാറുകൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി അല്ലാത്തതാണ്. കക്കൂസിനും കുളിമുറികൾക്കും അംഗീകരിച്ചിട്ടുള്ള നിശ്ചിത ഫീസ് മാത്രമേ ഈടാക്കാൻ പാടുള്ളൂ. എല്ലാ ബ്ലോക്കുകളിലേയും കക്കൂസുകളിലെത്തുന്ന എല്ലാ ഡിപ്പാർട്ട്മെന്റ് സ്പെഷ്യൽ ഡ്യൂട്ടി ഉദ്യോഗസ്ഥന്മാർക്കും സൗജന്യമായി സൗകര്യം നൽകേണ്ടതാണ്. കംഫർട്ട് സ്റ്റേഷനുകൾ ടെൻഡർ പിടിക്കുന്നവർ ലാട്രിനുകളിലും, വെളിയിലും ഷവറുകൾ ഫിറ്റുചെയ്ത് പ്രവർത്തിപ്പിക്കാൻ പാടില്ലാത്തതാണ്. കറന്റ് ചാർജ്ജ് അടച്ച രസീത് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ മേൽപ്പടി ഐറ്റത്തിനുള്ള സെക്യൂരിറ്റി തുക തിരികെ നൽകുകയുള്ളൂ. ഡിപ്പാർട്ട്മെന്റ് വൈദ്യുതി ഉപയോഗിക്കുന്ന പക്ഷം ഡിപ്പാർട്ട് മെന്റ് നിശ്ചയിക്കുന്ന വൈദ്യുതി നിരക്ക് കുത്തകക്കാരൻ അടയ്ക്കുവാൻ ബാദ്ധ്യസ്ഥനാണ്.

ഗ്രൂപ്പ് - പുനലൂർ

[illegible] അച്ചൻകോവിൽ

[illegible] അച്ചൻകോവിൽ

## പുനലൂർ ഗ്രൂപ്പിൽപ്പെട്ട, അച്ചൻകോവിൽ , കുളത്തുപ്പുഴ, ആര്യങ്കാവ് ദേവസ്വങ്ങളിലെ 1193 – ME -മണ്ഡലം – മകരവിളക്ക് അടിയന്തിരം പ്രമാണിച്ച് ഇ-ടെൻഡർ നടത്തേണ്ട ലേലങ്ങളുടെ സ്റ്റേറ്റ്മെന്റ്

| ക്രമ നമ്പർ | ലേല ഐറ്റങ്ങൾ | മുൻവർഷത്തെ (1192-ME)ലേല തുക | 10% വർദ്ധിപ്പിച്ച തുക | E.M.D തുക (നിരതദ്രവം) | |
|---|---|---|---|---|---|
| I<br>1. | **Grade I അച്ചൻകോവിൽ ദേവസ്വം**<br>കൊല്ലവർഷം 1193-ാം മാണ്ട് വൃശ്ചികം ഒന്നു മുതൽ 1194 തുലാം 30 വരെ ക്ഷേത്രത്തിന്റെ മുൻവശം വടക്കുംഭാഗത്ത് ദേവസ്വം അധികാരികൾ നിശ്ചയിക്കുന്ന സ്ഥലത്ത് സ്റ്റാൾ കെട്ടി പൂജാ ദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 1,23,000/- | 1,35,300/- | 13,530/- | |
| 2. | ടി കാലവളവിൽ പതിനെട്ടാംപടിയിലും, ഗണപതി നടയിലും ഉടയ്ക്കുന്ന നാളികേരം എടുക്കുന്നതിനുള്ള അവകാശം. | 10,250/- | 11,275/- | 1,200/- | |
| 3. | ടി കാലയളവിൽ ക്ഷേത്രത്തിന്റെ മുൻവശത്ത് നിർദ്ദിഷ്ട സ്ഥാനത്ത് പൂമാലകെട്ടി വില്ക്കുന്നതിനുള്ള അവകാശം. | 12,100/- | 13,310/- | 1,400/- | |

| | | | | | |
|---|---|---|---|---|---|
| 4. | ടി കാലയളവിൽ ലാട്രിൻ/ബാത്ത്റൂം ഉപയോഗിക്കുന്നവരിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം.<br><br>1. പുതിയതായി നിർമ്മിച്ച ലാട്രിനും/ബാത്ത്റൂംഉം ഒന്നായുള്ളത് - 3 എണ്ണം<br>2. ലാട്രിൻ - 3 എണ്ണം<br>3. ബാത്ത്റൂം - 2 എണ്ണം<br>(ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുന്ന നിരക്കിൽ) | 81,050/- | 89,155/- | 9,000/- | |
| 5. | ടി കാലയളവിൽ ദർശനത്തിനെത്തുന്ന ഭക്തജനങ്ങളുടെ പാദരക്ഷകൾ സൂക്ഷിക്കുന്നതിനുള്ള അവകാശം<br>(ജോഡി ഒന്നിന് പരമാവധി ഈടാക്കാവുന്നത് 2രൂപാ മാത്രം) | 430/- | 475/- | 100/- | |
| 6. | ടി കാലയളവിൽ നീരാജ്ഞനശിഷ്ടം നാളീകേരം എടുക്കുന്നതിനുള്ള അവകാശം | 24,000/- | 26,400/- | 2,700/- | |

| II | Grade I കുളത്തുപ്പുഴ ദേവസ്വം | | | | |
|---|---|---|---|---|---|
| 1. | 1193 -ാം മാണ്ട് വൃശ്ചികം 1 മുതൽ 1194 തുലാം 30 വരെ ദർശനത്തിനെത്തുന്ന ഭക്തജനങ്ങൾക്കാവശ്യമായ എണ്ണ, തിരി, കർപ്പൂരം, സാമ്പ്രാണി, നെയ്യ്, ഉടയാട, ചരട്, നാളീകേരം, കരിവള, തോർത്ത്, മഞ്ഞൾപ്പൊടി, കുങ്കുമം, ചെറിയ നിലവിളക്ക്, ശബരിമല മാല, എന്നിവ വിൽക്കുന്നതിനുള്ള അവകാശം. | 5,01,100/- | 5,51,210/- | 55,200 /- | |
| 2. | ദേവസ്വം വക 35 മുറികൾ ഉള്ള ലാട്രിൻ കോംപ്ലക്സിൽ നിന്നും ടി കാലയളവിൽ ഫീസ് ഈടാക്കുന്നതിനുള്ള അവകാശം (ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുന്ന രീതിയിൽ) | 3,78,000/- | 4,15,800/- | 41,600/- | |
| 3. | ടി കാലയളവിൽ ഭക്തജനങ്ങൾ നടയിൽ ഉടയ്ക്കുന്ന നാളീകേരം, നീരാഞ്ജന ശിഷ്ടം നാളീകേരം എടുക്കുന്നതിനുള്ള അവകാശം | 85,000/- | 93,500/- | 10,000/- | |
| 4. | ക്ഷേത്ര മതിലിന് പുറത്ത് ദേവസ്വം ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന സ്ഥലത്ത് ടി കാലയളവിൽ താത്ക്കാലിക ഷെഡ് കെട്ടി - പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം (മറ്റ് കച്ചവടങ്ങൾ പാടില്ല) | 2,93,000/- | 3,22,300/- | 32,500/- | |

(4)

| | | | | | |
|---|---|---|---|---|---|
| III | <u>ആര്യങ്കാവ് ദേവസ്വം</u> | | | | |
| 1. | 1193-ാം മാണ്ട് വൃശ്ചികം 1 മുതൽ 1194 തുലാം 30 വരെ ഒരു വർഷക്കാലം ലാട്രിൻ കോംപ്ലക്സ് പ്രവർത്തിക്കുന്നതിനുള്ള അവകാശം (ഡിപ്പാർട്ട്മെന്റ് നിശ്ചയിച്ചിട്ടുള്ള തുക ഈടാക്കി) | 1,00,000/- | 1,10,000/- | 11,000/- | |

ASSISTANT DEVASWOM COMMISSIONER
PUNALUR.